പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 860 — 30/06/2011-ൽ മറുപടി നല്കേണ്ടത്

## മൂന്നാറിലെ ഭൂമികയ്യേറ്റങ്ങളും അനധികൃത നിർമ്മാണങ്ങളും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.കെ.ഗുരുദാസൻ<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം മൂന്നാറിലും പരിസര പ്രദേശങ്ങളിലും വ്യാപകമായി ഭൂമി കയ്യേറ്റങ്ങളും അനധികൃത നിർമ്മാണങ്ങളും നടന്നുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഈ സർക്കാർ അധികാരമേറ്റശേഷം മൂന്നാറിൽ വ്യാപകമായി ഭൂമി കയ്യേറ്റങ്ങൾ ഉണ്ടായിട്ടില്ല. |
| (ബി) സർക്കാരിന് ഇതിനകം ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഏതെല്ലാം ഭാഗങ്ങളിലായി എത്ര ഏക്കർ ഭൂമി കൈയേറ്റം ചെയ്യപ്പെട്ടതായി കരുതുന്നു; എത്രയിടങ്ങളിൽ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു; | (ബി) ഗ്യാപ് റോഡ്, 70 ഏക്കർ, ചിന്നക്കനാൽ, ആനയിറങ്കൽ ഡാം പ്രദേശം എന്നിവിടങ്ങളിൽ വ്യാപകമായ കയ്യേറ്റം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) റവന്യൂ വകുപ്പ് മന്ത്രി ഈയിടെ കയ്യേറ്റ സ്ഥലങ്ങളിൽ സന്ദർശനം നടത്തുകയുണ്ടായോ; പുതുതായി ഭൂമി കയ്യേറി റോഡ് വെട്ടുന്നതും, വനം നശിപ്പിച്ച് നിർമ്മാണങ്ങളും മറ്റും നടത്തുന്നതും മന്ത്രിയും സംഘവും നേരിൽ കാണുകയുണ്ടായോ; നേരിൽ കാണാനിടയായ സംഗതികൾ വിശദമാക്കുമോ; റവന്യൂ മന്ത്രി ഇതു സംബന്ധമായി മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുമോ; | (സി) സന്ദർശിച്ചിരുന്നു. ഇലക്ഷൻ ജോലികളിൽ ഉദ്യോഗസ്ഥർ മുഴുകിയിരുന്ന സമയത്തും അതിന് തൊട്ടു മുമ്പും ആയി ചില കയ്യേറ്റങ്ങൾ നടന്നിട്ടുണ്ട്. അതിൽ ചില സ്ഥലങ്ങൾ മന്ത്രി സന്ദർശിച്ചിരുന്നു. റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുന്നു. |
| (ഡി) വൻകിട ഭൂമി കയ്യേറ്റക്കാർക്കും അതിന് കൂട്ടുനിൽക്കുന്നവർക്കും എതിരെ എന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്; | (ഡി) കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് പൊതുധാരണ ഉണ്ടാക്കാൻ ഈ 24ന് സർവ്വകക്ഷിയോഗം ചേർന്ന് പൊതുവായ അഭിപ്രായ സമന്വയം ഉണ്ടാക്കുകയും കയ്യേറ്റക്കാർ സ്വയം ഒഴിഞ്ഞു പോകുന്നതിന് കൂട്ടായി അഭ്യർത്ഥിക്കുകയും ചെയ്തു. ഇതിനുശേഷം കയ്യേറ്റം ഒഴിപ്പിക്കാൻ നിയമപരമായ മറ്റു നടപടികൾ സ്വീകരിക്കും. |
| (ഇ) വട്ടവട ഗ്രാമപഞ്ചായത്തിൽ തെരഞ്ഞെടുപ്പിന് ശേഷം, പുതുതായി റോഡ് വെട്ടി ഭൂമി കയ്യേറി ഏലം കൃഷി ചെയ്ത സ്ഥലം മന്ത്രി സന്ദർശിക്കുകയുണ്ടായോ? | (ഇ) ഇല്ല |

സെക്ഷൻ ഓഫീസർ

[illegible]

## 1. ചിന്നക്കനാലിലെ അനധികൃത പ്രവേശനങ്ങൾ സംബന്ധിച്ച്.

### 1.250ഏക്കർ വസ്തു.(ഗ്യാപ്പ് റോഡ്)

ചിന്നക്കനാൽ വില്ലേജിൽ വേണാട് താവളത്തിൽ സർവ്വെ 278, 151/1, 151/1-2, 150, 149/1, 146/1, 142/1, 141/1, 141/2, 140/2 എന്നിവയിൽ ഉൾപ്പെട്ടതും റീസർവെ ബ്ലോക്ക്-ൽ റീസർവ്വെ ഒന്നിൽ ഉൾപ്പെട്ടതുമായ 250 ഏക്കർ (105 ഹെക്ടർ) വസ്തു 29/05/2007ൽ സർക്കാർ ഏറ്റെടുത്തതാണ്. ഈ സ്ഥലത്ത് കൂടി ദേശീയ പാതയിൽ നിന്നും ആരംഭിച്ച് വടക്ക്-കിഴക്ക് ദിശയിലേക്ക് 3മീറ്റർ വീതിയിൽ ഉദ്ദേശം 750 മീറ്റർ ദൂരത്തിൽ നിർമ്മിച്ച പുതിയ വഴി കാണാൻ സാധിച്ചു. ഈ ഭൂമിയിൽ കയ്യേറ്റശ്രമം നടന്നിട്ടുണ്ട്, സംഘടിതമായ കയ്യേറ്റത്തിന് വളരെ സാധ്യതയുണ്ട്.

ഈ സ്ഥലത്ത് അവകാശം ഉന്നയിച്ച് കേരള ഹൈക്കോടതിയിൽ WA-2895/2009, WP(C)-20690/09 എന്നീ കേസുകളും, കട്ടപ്പന സബ്കോടതിയിൽ O.S-258/2009 നമ്പരായി കേസും ഉള്ളതാണ്. എന്നാൽ ഇതു സംബന്ധിച്ച സ്റ്റേ ഒന്നും കോടതി നൽകിയിട്ടില്ല. വിശദമായ അന്വേഷണത്തിന് കളക്ടറെ ചുമതലപ്പെടുത്തി.

### 2. 70 ഏക്കർ കയ്യേറ്റം.

മേൽ സ്ഥലത്ത് മുകളിലായി ഹെലിപാഡ് നിർമ്മിക്കാനുള്ള ശ്രമവും അവിടേക്ക് ടാർ ചെയ്ത റോഡ് സ്വകാര്യവ്യക്തിക്ക്മാത്രമായി നിർമ്മിച്ചതായി കാണാൻ കഴിഞ്ഞു. പഞ്ചായത്തിൽ നിന്നും തനതുഫണ്ടിൽ 27 ലക്ഷം ചെലവിട്ടതായി പ്രാഥമിക അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. ഇക്കാര്യവും വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ കളക്ടറെ ചുമതല്പ്പെടുത്തി.

### 3.ശ്രീ.വി.എക്സ് ആൽബിൻ വീട് നിർമ്മിച്ചിരിക്കുന്ന സ്ഥലം

ചിന്നക്കനാൽ വില്ലേജിൽ 1718 നമ്പർ തണ്ടപ്പേരിൻപടി ശ്രീ.വി.എക്സ് ആൽബിൻ, വഴിയതുറ, ചിന്നക്കനാൽ കൈവശം വെച്ചിരിക്കുന്ന 11.50 സെന്റ് വസ്തു പരിശോധന നടത്തിയതിൽ എൽ.എ-24/70 നമ്പർ പട്ടയം ക്രമ വിരുദ്ധമാണെന്ന് കണ്ടെത്തുകയും 1718 നമ്പർ തണ്ടപ്പേരിൽ നിന്നുള്ള പോക്കുവരവുകളും റദ്ദാക്കിക്കൊണ്ട് 31.12.2010ൽ ഉടമ്പൻചോല തഹസിൽദാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് വ്യാജ പട്ടയം ചമച്ചത് സംബന്ധിച്ച് പോലീസ് അന്വേഷണത്തിനായി ശാന്തൻപാറ എസ്.എച്ച്.ഒ-യ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കൂടാതെ ഇത് സംബന്ധിച്ച് ക്രൈം ബ്രാഞ്ച് പ്രത്യേക വിഭാഗവും കേസെടുത്ത് അന്വേഷണം നടത്തിവരുന്നതാണ്. ഇത് സംബന്ധിച്ച് WP(C)-31976/09 നമ്പരായി കേരള ഹൈക്കോടതിയിൽ കേസ് നടന്നുവരുന്നതാണ്.കോടതിയിൽ നിന്നുള്ള നിരോധന ഉത്തരവുകൾ ഒന്നും നിലവിലില്ല. ഈ സ്ഥലവും നേരിൽ കാണുകയുണ്ടായി. നിയമപരമായ നടപടിസ്വീകരിക്കുവാൻ നിർദ്ദേശം നൽകി.

### 4.അന്തോണിയമ്മാൾ പേരിൽ വ്യാജപട്ടയം

ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിന്റെ യൂക്കാലിപ്റ്റസ് പ്ലാന്റേഷൻ 2.80 ഏക്കർ സ്ഥലം കയ്യേറി എൽ.എ-168/72 നമ്പരായി അന്തോണിയമ്മാൾ എന്ന പേരിൽ വ്യാജ പട്ടയം ഉണ്ടാക്കി. തുടർന്ന് ടി സ്ഥലം ആൽബിൻ ഭാര്യ ആലീസ് പേരിലേക്ക് ഒരു മുക്ത്യാർ തയ്യാറാക്കുകയും പിന്നീട് ടി സ്ഥലം ആൽബിൻ പേരിലേക്ക് 1722/2006 നമ്പരായി ആധാരം ചെയ്യുകയും ചെയ്തു.

പ്ലാന്റേഷൻ കയ്യേറിയതിനെതിരെ എച്ച്.എൻ.എൽ നൽകിയ പരാതി തള്ളി.ബഹു.ജില്ലാകളക്ടർ 27.04.2007ൽ സി1-36146/2006 ഉത്തരവ് പ്രകാരം ആൽബിന് അനുകൂലമായി തീരുമാനം എടുക്കുകയും, ടി ഉത്തരവിനെതിരെ മൂന്നാർ ഡി.എഫ്.ഒ പരാതിപ്പെട്ടതിനെ തുടർന്ന് ജില്ലാകളക്ടറുടെ ഉത്തരവ് ബഹു.ലാന്റ് റവന്യൂ കമ്മീഷണർ എൽ.ആർ.ജി3-42390/08 നമ്പർ ഉത്തരവ് പ്രകാരം റദ്ദ്

ചെയ്യുകയും ചെയ്തു. ഈ സാഹചര്യത്തിൽ ചിന്നക്കനാൽ വില്ലേജിലെ തണ്ടപ്പേർ ഉടുമ്പൻചോല തഹസിൽദാരുടെ കെ2-100/2009 നമ്പർ ഉത്തരവ് പ്രകാരം റദ്ദാക്കുകയും ചെയ്തു ഈ വിഷയം സംബന്ധിച്ച് WP(C)-31976/2006 നമ്പരായി ഹൈക്കോടതിയിൽ കേസ് നടന്നുവരുന്നു. ഇത് സംബന്ധിച്ച് ക്രൈം ബ്രാഞ്ച് വിഭാഗം കേസെടുത്ത് അന്വേഷണം നടത്തി വരുന്നു. ഈ സ്ഥലത്ത് അലങ്കാര ചെടി നേഴ്സറി നടത്തുന്നതിന് സ്ഥലം വാടകയ്ക്ക് നൽകിയിട്ടുണ്ട് കൂടാതെ ടി സ്ഥലത്ത് 2 ഷെഡ്ഡുകൾ നിർമ്മിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെടുകയും ചെയ്തിട്ടുണ്ട്.

## 5.ആനയിറങ്ങൽ ഡാം കയ്യേറ്റം

ആനയിറങ്ങൽ ഡാമിന്റെ വൃഷ്ടിപ്രദേശത്ത് കെ.എസ്.ഇ.ബിയുടെ അധീനതയിൽപ്പെട്ട സ്ഥലത്തുള്ള മരത്തിൽ വിപുലമായ രീതിയിൽ ഏറുമാടം നിർമ്മിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആ പ്രദേശത്ത് കോൺക്രീറ്റ് തൂണുകൾ ഒരാൾപൊക്കത്തിൽ നിർമ്മിച്ചു കഴിഞ്ഞിരിക്കുന്നു, അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകി.

വലിയ കല്ലുമതിൽ നിർമ്മിച്ച് സ്ഥലങ്ങൾ വിപുലമായി കൈവശപ്പെടുത്താൻ ശ്രമം നടത്തിയതായി കാണാൻ കഴിഞ്ഞു. അതുപോലെ പട്ടിക വിഭാഗത്തിൽപ്പെട്ട ആളുകൾ ആന ശല്യം കാരണം പട്ടയം ലഭിച്ച സ്ഥലത്ത് താമസിക്കാൻ കഴിയുന്നില്ലായെന്ന് സ്ത്രീകൾ അടക്കമുള്ളവർ പരാതി നൽകിയിട്ടുണ്ട്. ഇപ്പോൾ മറ്റ് സ്ഥലത്ത് സ്ഥലത്ത് മാറി താമസിക്കുകയാണ് എന്നും പരാതി പറഞ്ഞു.